തദ്ദേശസ്വയംഭരണ വാർഡ് പുനർനിർണ്ണയം

81 [2513] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വാർഡ് പുനർനിർണ്ണയം നടത്തുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു;

(ബി) വാർഡ് അതിർത്തികൾ നിർണ്ണയിക്കുന്നതിന് പ്രകൃതിദത്തമായ പുഴ, തോട് എന്നിവയെ ആശ്രയിച്ചല്ലാതെയാണ് വാർഡ് പുനർനിർണ്ണയം നടത്തിയതെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വാർഡ് പുനർനിർണ്ണയം സംബന്ധിച്ച ആകെ എത്ര പരാതികളാണ് ലഭിച്ചത്;

(ഡി) ലഭിച്ച പരാതികളിൽ എത്രയെണ്ണം പരിഗണിച്ചു; അതിൽ എത്രയെണ്ണത്തിൽ തീർപ്പ് കൽപ്പിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ തദ്ദേശസ്വയംഭരണ വാർഡ് പുനർനിർണ്ണയം സംബന്ധിച്ച് അംഗീകരിച്ച് പുറപ്പെടുവിച്ച മാനദണ്ഡങ്ങളുടെ ഒരു പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) പ്രകൃതിദത്തമായ അതിരുകൾ ആശ്രയിച്ചല്ലാതെ വാർഡ് പുനർനിർണ്ണയം നടത്തിയതായുള്ള ചില കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപ്രകാരമുള്ള കേസ്സുകൾ പ്രകൃതിദത്തമായ അതിരുകൾ ആശ്രയിച്ച് പുനർനിർണ്ണയം നടത്താൻ മതിയായ നിർദ്ദേശം ഡീലിമിറ്റേഷൻ കമ്മീഷൻ നൽകിയിട്ടുണ്ട്.

(സി) & (ഡി) വാർഡ് പുനർനിർണ്ണയത്തിനായി നോട്ടിഫൈ ചെയ്ത 982 ഗ്രാമപഞ്ചായത്ത്, 143 ബ്ലോക്ക് പഞ്ചായത്ത്, 6 ജില്ലാ പഞ്ചായത്ത്, 47 മുനിസിപ്പാലിറ്റികൾ, 4 മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവയുടെ കരടു വാർഡ് വിഭജന പട്ടികകളിന്മേൽ ആകെ 7215 പരാതികൾ ലഭിച്ചു. അതിൽ 6661 പരാതികളിൽ ഡീലിമിറ്റേഷൻ കമ്മീഷൻ സിറ്റിംഗ് നടത്തിയും പരാതിക്കാരെ നേരിൽ കേട്ടും തീർപ്പു കല്പിച്ചു.

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly